# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടലുണ്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി1/251/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 09/02/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടലുണ്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി1/251/22 തീയ്യതി: 09/02/2022

## കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വാസുദേവൻ.എം | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്) | 15-01-2022 | 31-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-01-2022 | 31-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി.കെ.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി. ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫഫീസർ (15.1.2022, 24.01.2022 മുതൽ 31.1.2022 വരെ)
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ്.എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (25.01.2022 മുതൽ 31.1.2022 വരെ)
ശ്രീമതി. ജിഷ.പി, ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സി.കെ.അജയകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.പ്രസന്നകുമാർ.കെ | സെക്രട്ടറി | 01-04-2019 | 07-09-2019 |
| ശ്രീ.അഷറഫ്.വി.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-09-2019 | 30-11-2019 |
| ശ്രീ.അബ്ദുൽ മുദാദീർ.കെ.എം | സെക്രട്ടറി | 30-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അബ്ദുൽ മുദാദീർ.കെ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 28-06-2019 |
| ശ്രീ.അഷറഫ്.വി.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 28-06-2019 | 31-03-2020 |
| ശ്രീ.ഷനൂപ്.എം.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.പുഷ്പ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിന്ദു.സി.വി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ.വിജീഷ്.വി | വി.ഇ.ഒ | 12-08-2019 | 31-03-2020 |
| ശ്രീമതി.പ്രിൻസി.എസ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.അപർണ്ണ.കെ.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.അബ്ദുൾ സലാം.പി | ഹെഡ് മാസ്റ്റർ | 01-04-2019 | 31-05-2019 |
| ശ്രീ.റഷീദ്.പി | ഹെഡ് മാസ്റ്റർ | 15-06-2019 | 31-03-2020 |
| ശ്രീമതി.ശ്രീകാന്തി.എൻ | ഡെയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.രാജൻ.ജി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 12-06-2019 |

| | | | |
|---|---|---|---|
| ശ്രീ.അനിൽ കുമാർ.കെ | ഫിഷറീസ് ഇൻസ്പെക്ടർ | 12-06-2019 | 26-08-2019 |
| ശ്രീമതി.സബിത.എം.കെ | ഫിഷറീസ് ഇൻസ്പെക്ടർ | 26-08-2019 | 15-01-2020 |
| ശ്രീമതി.ബിസ്ന.വി | ഫിഷറീസ് ഇൻസ്പെക്ടർ | 15-01-2020 | 31-03-2020 |
| ഡോ.യദുനന്ദനൻ.കെ.പി | മെഡിക്കൽ ഓഫീസർ( ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.രൂപ ജിനദേവൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.അനിൽ കുമാർ.പി.സി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2019 | 03-02-2020 |
| ഡോ.ഫെബിന.സി.പി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 03-02-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-1 |
| 2 | വാര്‍ഷിക കണക്കിലെ അപാകതകള്‍<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Rency E (Auditor, On 04-02-2022)<br>Last Updated By: Rency E (Auditor, On 04-02-2022) | 1-6 |
| 8 | തൊഴില്‍ നികുതി പരിച്ചതിലെ അപാകതകള്‍<br>Written By: Rency E (Auditor, On 28-01-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-7 |
| 9 | ഒരേ കാലയളവില്‍ ഒരു പ്രവൃത്തിയ്ക്കായി രണ്ടു പദ്ധതികള്‍<br>Written By: Jisha Samuel (Asst. Audit Officer, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-8 |
| 10 | ഒരേയിനം പ്രവൃത്തിയ്ക്ക് വ്യത്യസ്ത നിരക്കില്‍ എസ്റ്റിമേറ്റ് തയ്യാറാക്കി<br>Written By: Jisha Samuel (Asst. Audit Officer, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-9 |
| 11 | ചുമതല മറന്നുള്ള കയ്യേറ്റ നിര്‍മ്മാണങ്ങള്‍<br>Written By: Jisha Samuel (Asst. Audit Officer, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-10 |
| 12 | തന്‍വര്‍ഷ പദ്ധതി ചെലവ് തുച്ഛം<br>Written By: Jisha Samuel (Asst. Audit Officer, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-11 |
| 13 | ജലായനം പരിസ്ഥിതി സംരക്ഷണം പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല -പാഴ്ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-12 |
| 14 | വീട് വാസയോഗ്യമാക്കല്‍ (ജനറല്‍) എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കള്‍ - നാളിതുവരെ പണി പൂര്‍ത്തിയാക്കിയില്ല<br>Written By: Sreeja Thekkan (Audit Officer, On 31-01-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-13 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jisha.P (Auditor, On 19-01-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jisha.P (Auditor, On 05-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jisha.P (Auditor, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കടലുണ്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.2.19 തിയ്യതിയിലെ 1/1നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2019-20 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

2019-20 വർഷത്തെ അംഗീകരിച്ച ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 7594224 |
| വരവ് | 205203191 |
| ചെലവ് | 208553859 |
| നീക്കിയിരിപ്പ് | 4243556 |

തൻവർഷത്തെ ബജറ്റ് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനം - ബജറ്റ് പുതുക്കുന്നില്ല

ബജറ്റിൽ വകയിരുത്തിയ തുകക്ക് കൂടുതലോ ഉൾപ്പെടാത്ത ഇനത്തിലോ ചെലവഴിക്കുമ്പോൾ പുതുക്കിയതോ / സപ്പ്ളിമെന്ററിയോ ബജറ്റ് അംഗീകരിച്ച മാത്രമേ തുക ചെലവഴിക്കാവൂ . കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 (5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിന് തുക ചെലവഴിക്കുമ്പോൾ തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ / സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച പാസ്സാക്കേണ്ടതാണ് . എന്നാൽ ഇത് പാലിച്ചിട്ടില്ല. വരവ് / ചെലവ് കണക്കുകളുടെ വൻവ്യതിയാനം വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചില്ല .

ഉദാഹരണം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 160 | 55000000 | 85000000 | 91108086 |

ബജറ്റ് പ്രൊവിഷനിൽ നിന്നും വ്യതിചലിച്ചുള്ള വരവ് /ചെലവുകൾ നിരവധിയാണ് . ചില ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 110 | 9400000 | 10515000 | 7964663 |
| 2 | 140 | 3300000 | 2184000 | 1500184 |

| | | | | |
|---|---|---|---|---|
| 3 | 171 | 200000 | 110000 | 155463 |
| 4 | 230 | 2715000 | 2367000 | 1905879 |
| 5 | 253 | 4300000 | 1700000 | 978253 |
| 6 | 254 | 55000000 | 85000000 | 18509690 |
| 7 | 210 | 15465000 | 15365000 | 14499610 |
| 8 | 251 | 64554350 | 47270350 | 4678803 |
| 9 | 252 | 16589000 | 7725000 | 3790510 |

എസ്റ്റിമേറ്റിൽ കൃത്യതയില്ലായ്മയാണ് ഇതിൽനിന്നും വ്യക്തമാകുന്നത് .

2019-20 ബജറ്റ് പ്രകാരം മൂലധന വരവ്-വായ്പ വാങ്ങൽ (BS-6) ഷെഡ്യൂളിൽ 1,28,99,215 /-രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വായ്പ തുക വാങ്ങുന്നതിന് സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ് എന്നിരിക്കെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ തുക വകയിരുത്തുന്നത് ശരിയായ നടപടിയല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ഡിസംബർ അവസാന വാരം നിർവ്വഹണ ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. 19.12.18 ന് 2019-20 വർഷത്തേയ്ക്കുള്ള നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പ്രൊപ്പോസൽ ആവശ്യപ്പെട്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രപ്പോസലുകളൊന്നും ബജറ്റ് ഫയലിൽ ലഭ്യമല്ല.

ബജറ്റ് പ്രൊവിഷനെക്കാൾ കൂടുതൽ / കുറവ് തുക ചെലവഴിച്ചതും ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിൽ തുക ചെലവഴിച്ചതും , ബജറ്റ് നടപടിക്രമങ്ങൾ പാലിക്കാത്തതും വിശദീകരിക്കേണ്ടതാണ് .

## 1-2 വാർഷിക കണക്കിലെ അപാകതകൾ

1.nationalised Bank-own Fund-2 എന്ന അക്കൗണ്ടിൽ വാർഷിക കണക്കു പ്രകാരം 12706 /- രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇത് പരിശോധിക്കുന്നതിന് ആവശ്യമായ റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

2.വസ്തുനികുതി ഇനത്തിലെ വരവ് പരിശോധിക്കുന്നതിനായി ഡി.സി.ബി സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

3.തൊഴിൽ നികുതി (ജീവനക്കാർ) രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.തൊഴിൽ നികുതി (ട്രേഡേഴ്സ്) ഇനത്തിൽ വരവ് വന്ന തുകയും അക്കൗണ്ട്സിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5.എ.ഇ യുടെ അക്കൗണ്ടിൽ Sale Of Tender Forms ഇനത്തിൽ വരവ് വന്നിട്ടുള്ള തുക തനത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

6.ബാലൻസ് ഷീറ്റ് B 7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല (Suppliers Emd, Bidders Emd,suppliers Security Deposit,contractors Security Deposit Etc.)

7.അഡ്വാൻസ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. Temporary Advance ,Festival Advance എന്നിവയിലെ ബാലൻസ് തുകകൾ എത്രയാണെന്ന് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല.

8.ബാലൻസ് ഷീറ്റ് B 18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.

Advance To Implementing Agencies എന്നതിൽ KSEB യ്ക്ക് 20.3.13 ന് Street Light Metering ഇനത്തിൽ നൽകിയ തുക 2,38,500/- രൂപ ഇത് വരെ ക്രമീകരിച്ചിട്ടില്ല.Advance To Implementing Officer Head ൽ 7,77,000 രൂപ എന്നത് L.P.G ശ്മശാനം നിർമ്മാണത്തിനായുള്ള തുകയാണ്.ആയത് ഇത് വരെ ക്രമീകരിച്ചിട്ടില്ല.

9. KURDFC ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

10. RP-31 പ്രകാരം സംയുക്തപ്രോജക്റ്റുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും റവന്യൂ എക്സ്പെൻഡിച്ചർ ഇനത്തിൽ 46,75,974/- രൂപയാണ് വരവ് വന്നത്.ഇത് അപ്റോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ വരവുമായി പൊരുത്തപ്പെടുന്നില്ല.

11. RP-31 പ്രകാരം Centrally Sponsored Scheme -MGNREGA പ്രകാരമുള്ള വരവും രജിസ്റ്ററിലെ വരവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

12.RP-31 പ്രകാരം Grants,funds And Contributions For Specific Purposes-other Government Agencies 320300199 എന്ന ഹെഡിൽ 8,98,932 വരവ് ഉണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിവരങ്ങൾ എ.സി.ആർ ൽ രേഖപ്പെടുത്തിയിട്ടില്ല.

13.വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്.

14.പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം. | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| കാനറ ബാങ്ക്(എം.ജി.എൻ.ആർ.ഇ.ജി.എ) A/c No. 17700 | 31900268 | 435279/13.12.19 | 2,57,590 |
| കടലുണ്ടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് A/c No.409 | 21900706 | 136731/16.11.19 | 602 |

15. ISO പ്രവർത്തനങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പ്രോജക്റ്റിലെ (നമ്പർ 323/20) യഥാർത്ഥ ചെലവ് 93214(തനത് ഫണ്ട്)+37660(വികസന ഫണ്ട്)=130874 ആണ്. ഐ.കെ.എം സ്റ്റേറ്റ്മെന്റിൽ തനത് ഫണ്ട് ചെലവ് 93214 ന് പകരം 101919കാണിച്ചതിനാൽ ആകെ ചെലവ് 139579 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

16. SMGB Jalanidhi A/c 40195100110282 ൽ 4366/- രൂപ ഉണ്ട്. ഇത് ജലനിധി കാനറാ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചെങ്കിലും നിലവിൽ SMGB അക്കൗണ്ടിൽ അവശേഷിക്കുന്നു. ജലനിധിയ്ക്ക് PNB യിലും അക്കൗണ്ട് നിലവിലുണ്ട്. ഒരേ ആവശ്യത്തിലേക്ക് രണ്ട് അക്കൗണ്ടുകൾ നിലനിർത്തുന്നത് എന്തിനെന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 9/2019-20 തിയ്യതി 31.1.22) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18139647 |
| വരവ് | 76816390 |
| ആകെ | 94956037 |
| ചെലവ് | 73295625 |
| നീക്കിയിരിപ്പ് | 21660412 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16057048 | 16057048 | 12842397 | 3214651 |
| വികസന ഫണ്ട് (SCP) | 0 | 7446765 | 7446765 | 3517158 | 3929607 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13577347 | 13577347 | 3383779 | 10193568 |
| മെയിന്റനൻസ്(നോൺ റോഡ്) | 0 | 3540600 | 3540600 | 3233681 | 306919 |
| മെയിന്റനൻസ്(റോഡ്) | 0 | 17526000 | 17526000 | 7009399 | 10516601 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(ഐ.സി.ഡി.എസ്) | 717931 | 2187151 | 2905082 | 2297423 | 607659 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(എൻ.ആർ.ഇ.ജി.എ) തൊഴിലാളികളുടെകൂലി | 0 | 13296999 | 13296999 | 13296999 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(എൻ.ആർ.ഇ. ജി.എ)അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 14968 | 1288133 | 1303101 | 1019251 | 283850 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(കാവ്,ക്ഷേത്രം) | 184225 | - | 184225 | - | 184225 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(വിമുക്തി) | 37500 | - | 37500 | 7550 | 29950 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവ് പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 4577428 | 7552928 |
| | സേവനം | 13020119 | 55366647 |
| വികസനഫണ്ട് എസ്.സി.പി. | സേവനം | 7243882 | 14373412 |
| സംരക്ഷണഗ്രാന്റ് റോഡിതരം | സേവനം | 4554929 | 5554929 |

മേൽ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ |
|---|---|---|---|
| 280 | 98 | 159 | 23 |

2019-20ലെ മൊത്തം പദ്ധതി അടങ്കൽ 114574206/- രൂപയാണ്. ആകെ ചെലവ് 50444691 രൂപയാണ്. ചെലവ് ശതമാനം 44.03 ആണ്. സാംഖ്യ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, സി.എഫ്.സി എന്നീ ഇനങ്ങളിൽ ഫണ്ട് വിനിയോഗിക്കാതെ ലാപ്സായിട്ടുണ്ട്. തനത്ഫണ്ട്, സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുകകൾ എന്നിവയും പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

2019-20 വർഷം അസി.എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കിയത് സ്പിൽഓവർ പദ്ധതികളടക്കം ആകെ 156 പ്രോജക്ടുകളാണ്. ഇതിൽ 48എണ്ണം മുൻവർഷത്തിൽ നിന്നുള്ള സ്പിൽഓവർ പദ്ധതികളാണ്. ബാക്കി 108 പദ്ധതികളാണ് തൻവർഷം പുതുതായി രൂപീകരിച്ചത്. 48 സ്പിൽഓവർ പദ്ധതികളിൽ 7 എണ്ണത്തിന് ഈ വർഷവും ചെലവുണ്ടായിട്ടില്ല. പുതുതായി രൂപീകരിച്ച 108 പദ്ധതികളിൽ 94 എണ്ണത്തിനും തൻവർഷം ചെലവില്ല. ഈ പദ്ധതികളെല്ലാം തുടർവർഷത്തേയ്ക്ക് സ്പിൽഓവർ പദ്ധതികളായിട്ടുണ്ട്.
പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സർക്കാർ ഫണ്ട് നഷ്ടപ്പെടുന്നതാണ്. പദ്ധതികളുടെ രൂപീകരണത്തിലും നടപ്പാക്കുന്നതിലും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.1.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11260/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

1-7 തൊഴിൽ നികുതി പരിച്ചതിലെ അപാകതകൾ

(I) മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

2019-20 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | ഏറ്റെടുത്ത പ്രവർത്തിയുടെ എണ്ണം |
|---|---|---|
| 1 | വേണുഗോപാൽ.കെ | 1 |
| 2 | പി.മുഹമ്മദ്കുട്ടി | 11 |
| 3 | എ.കെ.ബാബു | 21 |
| 4 | അരുൺകുമാർ.വി | 3 |
| 5 | രവീന്ദ്രൻ.ജി | 3 |
| 6 | ഹസ്സൻ കോയ.പി | 14 |
| 7 | ജിജിൽ.ഇ | 3 |
| 8 | എ.കെ.അഹമ്മദ് കുട്ടി | 1 |
| 9 | ഹരീഷ് കുമാർ.വി.കെ | 4 |
| 10 | അബ്ദുൽ മൻസൂർ.എം | 3 |
| 11 | സി.നിസാർ | 4 |
| 12 | ദി കാലിക്കറ്റ് കോ-ഓപറേറ്റീവ് ഹൗസ് | 2 |
| 13 | വിഷ്ണു ബാബു | 9 |

| | | |
|---|---|---|
| 14 | ദിലീപ് കുമാർ | 2 |
| 15 | ബീരാൻ മൊയ്തീൻ.വി.പി | 2 |
| 16 | മനോജ്.കെ | 4 |
| 17 | സുരേന്ദ്രൻ.പി | 1 |
| 18 | വി.കെ.അബ്ദുറഹ്മാൻ | 4 |
| 19 | വിശ്വനാഥൻ.ഒ | 4 |
| 20 | ദനീഷ്.എസ്.എം | 1 |
| 21 | മഗിനേഷ്.പി | 1 |
| 22 | സുധർശൻ.എൻ | 2 |

മേൽ കരാറുകാർ അവരുടെ താമസസ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ച് അവശേഷിക്കുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

Ii) തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2019-20 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഇൻഡക്സ് പോളിമേഴ്സ് |
| 2 | സീ പീ സുസൂക്കി |
| 3 | ഒമേഘ സ്റ്റീൽസ് |
| 4 | ആബാദ് പോളിപെക്ക് |
| 5 | എക്സ്പ്ലോർ ബൈക്ക്സ് |
| 6 | ഷിജിത ഹോട്ടൽ |
| 7 | ശ്രീ ഗോകുലം ചിറ്റ്സ് |
| 8 | എം.എം.ജെ.യു.പി സ്കൂൾ |

(Iii) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഹാജി പി.ബി.എം ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിരിക്കുന്നത് തെറ്റായാണ്. തൊഴിൽ നികുതി സ്ലാബ് പ്രകാരം 45000 രൂപയ്ക്ക് മുകളിൽ അർദ്ധ വാർഷിക വരുമാനമുള്ള ആൾ അടയ്ക്കേണ്ട നികുതി തുക 450രൂപയാണ്.താഴെ പട്ടിക കാണുക.

| ക്രമ നമ്പർ | തൊഴിലാളിയുടെ പേര് | തൊഴിൽ/ജോലി | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തുക (രൂപ) | ഈടാക്കേണ്ട തുക (രൂപ) |
|---|---|---|---|---|---|
| 1 | നന്ദിന ദേവി.ടി.സി | എച്ച്.എം | 47200 | 300 | 450 |
| 2 | ഗീത.വി.പി | യു.പി.എസ്.എ | 46700 | 300 | 450 |
| 3 | ഉഷ.വി.പി | യു.പി.എസ്.എ | 46700 | 300 | 450 |
| 4 | ഹസീന.കെ | യു.പി.എസ്.എ | 46700 | 300 | 450 |
| 5 | രമണി.ടി | യു.പി.എസ്.എ | 46700 | 300 | 450 |
| 6 | ദീപ.പി | യു.പി.എസ്.എ | 46700 | 300 | 450 |
| 7 | സിൽവിയ ജ്ജലി.കെ.കെ | യു.പി.എസ്.എ | 46700 | 300 | 450 |
| 8 | ഷീല.വി | യു.പി.എസ്.എ | 46700 | 300 | 450 |
| 9 | പ്രസീദ.കെ | യു.പി.എസ്.എ | 46700 | 300 | 450 |
| 10 | രേഖ.സി | യു.പി.എസ്.എ | 46700 | 300 | 450 |
| 11 | ഫാത്തിമ സ്കദ.എം.വി | യു.പി.എസ്.എ | 46700 | 300 | 450 |
| 12 | റീന.കെ.പി | യു.പി.എസ്.എ | 46700 | 300 | 450 |
| 13 | സാബിറ | യു.പി.എസ്.എ | 46700 | 300 | 450 |
| 14 | സജിത.എം | യു.പി.എസ്.എ | 46700 | 300 | 450 |

| | | | | | |
|---|---|---|---|---|---|
| 15 | സജിത കുമാരി.എസ് | യു.പി.എസ്.എ | 46700 | 300 | 450 |
| 16 | ഹസീന.എം | യു.പി.എസ്.എ | 46700 | 300 | 450 |
| 17 | സ്മിത.കെ | യു.പി.എസ്.എ | 46700 | 300 | 450 |
| 18 | സമീറ.ഐ | യു.പി.എസ്.എ | 46700 | 300 | 450 |
| 19 | പ്രഭ.കെ.ടി | യു.പി.എസ്.എ | 46700 | 300 | 450 |
| 20 | ഷമീന ബീവി.പി.എം | യു.പി.എസ്.എ | 46700 | 300 | 450 |
| 21 | ബഫ്ന.ടി.ടി | യു.പി.എസ്.എ | 46700 | 300 | 450 |
| 22 | ഉമ്മു റബീബ.എസ്.വി | യു.പി.എസ്.എ | 46700 | 300 | 450 |
| 23 | ശോഭന.സി | യു.പി.എസ്.എ | 46700 | 300 | 450 |
| 24 | തസ് ലീന.വി.കെ | യു.പി.എസ്.എ | 46200 | 300 | 450 |
| | | | ആകെ | 7200 | 10800 |

ഈടാക്കേണ്ട തുക - 10800

ഈടാക്കിയ തുക – 7200

കുറവ് = 3600 രൂപ

(Iv) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല

ലൈസൻസ് പുതുക്കാൻ അപേക്ഷ സമർപ്പിക്കുമ്പോൾ ലൈസൻസ് ഫീയോടൊപ്പം തൊഴിൽ നികുതി ഈടാക്കുകയാണ് പതിവ്. വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(V) റേഷൻ കടകളിൽനിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

റേഷൻ കടകളിൽനിന്നും 2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയില്ല ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ തനതുഫണ്ടിന് വരുമാന ശോഷണം ഉണ്ടായിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടു കാണുന്നില്ല.

1-8 ഒരേ കാലയളവിൽ ഒരു പ്രവൃത്തിയ്ക്കായി രണ്ടു പദ്ധതികൾ

2019-20വർഷത്തിൽ അസി.എഞ്ചിനീയർക്ക് നിർവ്വഹണം നടത്താനായി തയ്യാറാക്കിയ രണ്ടു പദ്ധതികളാണ് പ്രോജക്ട് നം. 295/20, 310/20 എന്നിവ. വിശദാംശം ചുവടെ കൊടുക്കുന്നു,

| | | |
|---|---|---|
| പ്രോജക്ട് പേര്/നമ്പർ | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ അടിസ്ഥാന സൗകര്യം ഒരുക്കൽ, 295/20 | ഐ.എസ്.ഒ.പ്രാരംഭ പ്രവർത്തനങ്ങൾ, റെക്കോർഡ് റൂം, 310/20 |
| പദ്ധതി അംഗീകാര തിയ്യതി | 30.9.2019 | 30.9.2019 |
| അടങ്കൽ | 495000/-<br>(175000/-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>320000/-തനതുഫണ്ട്) | 1250000/-<br>(175000/- വികസനഫണ്ട് ജനറൽ<br>697853/- തനതുഫണ്ട്<br>377147/- ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 477328/- | 1111626/- |
| കരാറുകാരൻ | അബ്ദുൾ മൻസൂർ.എം | അബ്ദുൾ മൻസൂർ.എം |
| പ്രവൃത്തി ഏറ്റെടുത്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | 10.512% കുറവ് |

മുകളിൽ കൊടുത്ത വിശദാംശങ്ങളിൽ നിന്നും ഒരേ സമയം രൂപീകരിക്കപ്പെട്ടതാണ് ഈ പ്രോജക്ടുകളെന്ന് വ്യക്തമാണ്. ഈ പദ്ധതി സമഗ്രമായി ഒറ്റ പദ്ധതിയായി രൂപീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. രണ്ടു പദ്ധതികളുടേയും എസ്റ്റിമേറ്റ് പരിശോധിച്ചാൽ ഒരേ ഇനം പ്രവൃത്തികളാണ് ( റെക്കോർഡ് റൂമിന്റെ കബോർഡ് നിർമ്മാണം) പ്രധാനമായും ഇവ രണ്ടിലും നടന്നിട്ടുള്ളത്. രണ്ടു പ്രവൃത്തികളും എസ്റ്റിമേറ്റ് പുതുക്കിയാണ് നടത്തിയിട്ടുള്ളതും. ഒരേ സമയം ഒരേയിനം പ്രവൃത്തിയ്ക്കായി ഇത്തരത്തിൽ വ്യത്യസ്ത പദ്ധതികൾ തയ്യാറാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

സെപ്റ്റംബർ മാസം വെറ്റിംഗ് നടത്തി അംഗീകാരം ലഭിച്ച പദ്ധതികളിൽ രണ്ടാമത്തെ പ്രവൃത്തിയ്ക്ക് മാത്രമാണ് ഒക്ടോബർ മാസത്തിൽ ടെണ്ടർ നടപടി(ഇ-ടെണ്ടർ) സ്വീകരിച്ചിട്ടുള്ളത്. ആദ്യ പദ്ധതിയ്ക്ക് 2020 ജനുവരി മാസത്തിലാണ് മാന്വൽ ടെണ്ടർ നടത്തി അതേ കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചത്. പ്രവൃത്തികൾ ഒരേ സമയം ടെണ്ടർ ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ഐ.കെ.എം. ചെലവു പത്രിക പ്രകാരം ആദ്യ പദ്ധതിയ്ക്ക് 2019-20വർഷത്തിൽ വകയിരുത്തിയ 320000/-തനതുഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.390/30.3.2020 എ.സി.ആർ പ്രകാരം). ഈ പദ്ധതി സ്പിൽഓവർ ആയി 2020-21ൽ ഉൾപ്പെട്ടപ്പോൾ മുൻവർഷം ചെലവഴിക്കാത്ത

ധനകാര്യകമ്മീഷൻ ഗ്രാന്റ് 175000/- രൂപയ്ക്ക് പുറമേ 320000/- രൂപ തനതുഫണ്ടും അടങ്കലായി ഉൾപ്പെട്ടിട്ടുണ്ട്. മുൻവർഷം ചെലവഴിച്ച തുക വീണ്ടും സ്പിൽഓവർ പദ്ധതിയിലുൾപ്പെട്ടതെങ്ങനെയെന്ന് വ്യക്തമല്ല. സ്പിൽഓവർ പദ്ധതിയുടെ അടങ്കലിൽ വർധന വരുത്തിയതാണോയെന്നും വ്യക്തമല്ല. 2020-21വർഷത്തിലും 302328/-(ബിൽ നം.265/5.2.21- 210831/-, 440/29.3.21)രൂപ തനതുഫണ്ട് ചെലവ് ഈ പദ്ധതിയ്ക്കായി കാണുന്നു. ചെലവഴിച്ച തുക വീണ്ടും സ്പിൽഓവർ പദ്ധതിയിൽ ഉൾപ്പെട്ടതെങ്ങനെ/പദ്ധതി അടങ്കലിൽ മാറ്റം വരുത്തിയോ എന്നതു സംബന്ധിച്ച വിവരം പരിശോധിച്ച് അറിയിക്കേണ്ടതാണ്. കരാറുകാരന് രണ്ടു തവണ തുക നൽകിയോയെന്നും ഉറപ്പു വരുത്തേണ്ടതാണ്.

രണ്ടാമത്തെ പദ്ധതിയിൽ റെക്കോർഡ് റൂമുകൾക്കിടയിലുള്ള സ്റ്റേജിന്റെ നവീകരണത്തിനായി എ.സി.പി. പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഉൾപ്പെടുത്തിയ ഐറ്റം DAR ലെ 25.7 ആണ്. ഇതിന്റെ വിവരണം പരിശോധിച്ചാൽ ബഹുനില കെട്ടിടങ്ങളുടെ ബാഹ്യവശങ്ങളിൽ മഴയേയും, കാറ്റിനേയും പ്രതിരോധിക്കും വിധവും, കെട്ടിടത്തിനകത്തെയും പുറത്തേയും മർദ്ദം സന്തുലിതമാക്കും വിധവും എ.സി.പി. സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് ഇതെന്ന് വ്യക്തമാകുന്നു. ഇതിന്റെ ഡാറ്റയിൽ വെതർ സീലന്റ്, EPDM Gasket എന്നീ സാധനങ്ങളും, ഇവ ഉറപ്പിക്കുന്നതിനുള്ള വലിയ നിരക്കിലുള്ള ഇൻസ്റ്റലേഷൻ, ഫാബ്രിക്കേഷൻ, സ്കാഫോൾഡിംഗ്, ഡിസൈനിംഗ് ചാർജ്ജുകളും ഉൾപ്പെടുന്നുണ്ട്. എന്നാൽ മേൽ പ്രോജക്റ്റിൽ ഇത്തരത്തിലുള്ള സാമഗ്രികളുടെ ഉപയോഗമോ, ഇൻസ്റ്റലേഷനും ഫാബ്രിക്കേഷനും, ഡിസൈനിംഗിനും, സ്കാഫോൾഡിംഗിനുമായി വലിയ മനുഷ്യാധ്വാനമോ വേണ്ടി വന്നിട്ടില്ല. എ.സി.പി. ഷീറ്റിന്റെ യഥാർത്ഥ മാർക്കറ്റ് വില ഡാറ്റയിൽ ഉള്ളതിനേക്കാളും കുറവാണെന്നതും ശ്രദ്ധേയമാണ്. ഈ സാഹചര്യത്തിൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കാതെ വലിയ നിരക്കിന്റെ ഇനം ഉൾപ്പെടുത്തി പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ല. മുകളിൽ വിവരിച്ച രീതിയിൽ പദ്ധതി സമഗ്രമായി തയ്യാറാക്കാതിരുന്നതിനാൽ ആദ്യ ടെണ്ടറിൽ ലഭിച്ച 10.512% കുറവ് രണ്ടാമത്തെ പദ്ധതിയ്ക്ക് ലഭിക്കാതെ പോയി. ഇതു മൂലം ഏകദേശം 47000/-രൂപയുടെ അധിക ചെലവ് പഞ്ചായത്തിനുണ്ടായി. പദ്ധതികൾ സമഗ്രമായി തയ്യാറാക്കാതിരുന്നതും, പദ്ധതി ചെലവിലുള്ള അവ്യക്തതയും വിശദീകരിക്കേണ്ടതാണ്. ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധയുണ്ടാകേണ്ടതും, ഉയർന്ന നിരക്കിലുള്ള ഡാറ്റകൾ ഉൾപ്പെടുത്തുമ്പോൾ ആയതിന്റെ ആവശ്യകത ഉറപ്പാക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-9 ഒരേയിനം പ്രവൃത്തിയ്ക്ക് വ്യത്യസ്ത നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി

2019-20 വർഷത്തിൽ തയ്യാറാക്കിയ രണ്ടു പദ്ധതികളാണ് വലിയാലക്കൽ റെയിലോര റോഡ് പൂർത്തീകരണം (നം.319/20, അടങ്കൽ- 93456/-), പുലയൻകടവ് ശ്മശാനം റോഡ് മെയിന്റനൻസ് (350/20, അടങ്കൽ- 250000/-) എന്നിവ. തൻവർഷത്തിൽ നിർവ്വഹണം നടത്തിയ മറ്റു രണ്ടു റോഡ് പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി രൂപീകരിച്ചവയാണിവ. രണ്ടു റോഡിന്റേയും എസ്റ്റിമേറ്റിൽ റോഡ് റീടാറിംഗിന്റെ അവസാന പ്രവൃത്തിയായ 20mm Thick Open Graded Premix Carpet നും അതിനു മുകളിൽ Seal Coat നൽകുന്നതിനുമായി ഉൾപ്പെടുത്തിയ ഇനങ്ങൾ യഥാക്രമം 75.5.9.1.2pb, 75.5.12.A.3.2pb എന്നിവയാണ്. ഒരേ കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ മേൽ എസ്റ്റിമേറ്റുകളിൽ ഈയിനങ്ങളുടെ നിരക്കുകൾ വ്യത്യസ്തമായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

| ഇനം | പ്രവൃത്തി | നിരക്ക് |
|---|---|---|
| 75.5.9.1.2pb | വലിയാലക്കൽ റെയിലോര റോഡ് പൂർത്തീകരണം | 155.41/sqm |
| | പുലയൻകടവ് ശ്മശാനം റോഡ് മെയിന്റനൻസ് | 167.67/sqm |
| 75.5.12.A.3.2pb | വലിയാലക്കൽ റെയിലോര റോഡ് പൂർത്തീകരണം | 61.8/sqm |

| | | |
|---|---|---|
| | പുലയൻകടവ് ശ്മശാനം റോഡ് മെയിന്റനൻസ് | 67.26/sqm |

ഈയിനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ വലിയാലക്കൽ റെയിലോര റോഡ് പൂർത്തീകരണം പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഈയിനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ബിറ്റുമിന്റെ ഓവർഹെഡ് ചാർജ്ജും, കരാറുകാരന്റെ ലാഭവും കുറവു വരുത്തിയതിനാലാണ് നിരക്കിൽ കുറവുണ്ടായതെന്ന് മനസ്സിലാകുന്നു. ഒരേ പ്രവൃത്തിയ്ക്ക് വ്യത്യസ്ത രീതിയിൽ നിരക്ക് കണക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-10 ചുമതല മറന്നുള്ള കയ്യേറ്റ നിർമ്മാണങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽ പെടുന്നതാണ് പരമ്പരാഗത കുടിവെള്ളസ്രോതസ്സുകളുടേയും, കുളങ്ങളുടേയും മറ്റു ജലസംഭരണികളുടേയും സംരക്ഷണം. 2002ലെ നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിൽ നദീതീരത്തോ കടവിലോ ഉള്ള കയ്യേറ്റങ്ങൾ നീക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതും, നദീ പുറമ്പോക്കിലുള്ള എല്ലാ വിധ കയ്യേറ്റങ്ങളും തടയുകയും, നിലവിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കളക്ടറോട് ശുപാർശ ചെയ്യേണ്ടതും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് തങ്ങളുടെ ചുമതലകൾ മറന്ന്/വ്യതിചലിച്ച് വാർഷിക പദ്ധതിയിലുൾപ്പെടുത്തി വിവിധ കയ്യേറ്റ നിർമ്മാണങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ കൊടുക്കുന്നു,

1. വയോജന പാർക്ക്

കടലുണ്ടി പഞ്ചായത്തിന്റെ എട്ടാം വാർഡിൽ പുഴയോട് ചേർന്ന സ്ഥലത്ത് വയോജനങ്ങൾക്കായി പാർക്ക് നിർമ്മാണമാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഇതിനായി 2016-17 വർഷത്തിൽ ആദ്യ പദ്ധതി രൂപീകരിച്ച് രണ്ടു വർഷങ്ങളിലായി കുറേ പ്രവൃത്തികൾ നടന്നു(ഫൈനൽ ബിൽ തുക 350168/-). ബാക്കി പ്രവൃത്തികൾക്കായി 2018-19 വർഷത്തിൽ പൂർത്തീകരണ പദ്ധതി രൂപീകരിച്ച് 2019-20 വർഷത്തിൽ 730931/- രൂപയുടെ പ്രവൃത്തികൾ നടന്നു.

രണ്ടാമത്തെ പ്രവൃത്തിയിൽ പാർക്കിൽ സ്റ്റേജ് നിർമ്മാണവും, ടോയ് ലെറ്റും, പുഴയോരത്തിന് ചുറ്റും നടക്കുന്നതിന് ഇന്റർലോക്ക് ടൈൽ പാകലുമാണ് വിഭാവനം ചെയ്തത്. ടെണ്ടർ നടപടിയിലൂടെ വിശ്വനാഥൻ എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് 31.7.18ന് നിർമ്മാണം തുടങ്ങിയെങ്കിലും 20.10.18ലെ കടലുണ്ടി വില്ലേജ് ഓഫീസറുടെ യുഎസ്./2018നമ്പർ സ്റ്റോപ്പ് മെമ്മോ പ്രകാരം പ്രവൃത്തി നിർത്തി വയ്ക്കാൻ ആവശ്യപ്പെട്ടു. മണ്ണൂർ ദേശത്ത് റിസർവ്വേ നമ്പർ 77/5ന് തൊട്ടു വടക്കു ചേർന്നുള്ള റി.സ.1ൽ പെട്ട പുഴ ഏകദേശം 12സെന്റ് വരുന്ന ഭാഗം പഞ്ചായത്ത് മണ്ണിട്ട് നികത്തി നിർമ്മാണ പ്രവൃത്തികൾ ചെയ്തു വരുന്നതായി സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ സ്റ്റോപ്പ് മെമ്മോ നൽകിയിരിക്കുന്നത്. പുഴയുടെ ഒഴുക്കിനെ തടസ്സപ്പെടുത്താത്ത രീതിയിൽ നികത്തപ്പെട്ട പ്രസ്തുത ഭാഗം പൂർവ്വസ്ഥിതിയിലാക്കാനും ഇതിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ 27.5.2019ൽ കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേർന്നതായും, 30.7.2019 ലെ DCKKD/14608/2018-L2 നമ്പർ തീരുമാന പ്രകാരം സ്ഥിര നിർമ്മിതികൾ പ്രസ്തുത ഭൂമിയിൽ അനുവദിക്കാനാകില്ലെന്നും, ഇപ്പോൾ നിർമ്മിച്ച പില്ലറുകൾ(സ്റ്റേജിനായി)എടുത്തു മാറ്റണമെന്നും, ഭൂമിയിൽ ലാന്റ് സ്കേപ്പ് ചെയ്ത് താൽക്കാലിക സ്റ്റേജ് നിർമ്മിക്കാവുന്നതും, എന്നാൽ ടോയ് ലെറ്റ് നിർമ്മിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പുഴയിലേയ്ക്ക് നിർമ്മിച്ച കൈവരിയ്ക്കായുള്ള നിർമ്മിതികൾ നിലനിർത്തുവാൻ അനുവദിച്ചിട്ടുണ്ട്.

അളവു പുസ്തകം 31/18-19 പ്രകാരം വില്ലേജ് ഓഫീസറുടെ സ്റ്റോപ്പ് മെമ്മോ ലഭിക്കുന്നതു മുമ്പു വരെ(15.10.18വരെ) 1,21,378/-രൂപ മൂല്യത്തിലുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു(പാർട്ട് ബിൽ തയ്യാറാക്കിയത് പ്രകാരം.തുക നൽകിയോയെന്ന് വ്യക്തമല്ല). അളവു പുസ്തകം 36/19-20 പ്രകാരം ബാക്കി

പ്രവൃത്തികൾ(ബൗഡറി വാൾ കെട്ടൽ, മണ്ണ് നിറക്കൽ എന്നിവ) ആരംഭിക്കുന്നത് 14.11.2019 നും അവസാനിക്കുന്നത് 20.2.2020നുമാണ്. ഇതിനു ശേഷം 730931/-രൂപയുടെ ഫൈനൽ ബിൽ തയ്യാറാക്കി തുക അനുവദിച്ചു. കളക്ടറുടെ നിർദ്ദേശമുണ്ടായിരുന്നിട്ടും തുടർന്നും പ്രവൃത്തികൾ നടത്തിയതെന്തു കൊണ്ടാണെന്ന് വ്യക്തമല്ല.

ഓഡിറ്റിന്റെ ഭാഗമായി 29.01.22ന് പ്രസ്തുത സ്ഥലം നേരിൽ സന്ദർശിച്ചിരുന്നു. സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളുടെ അതിർത്തിയിൽ നിന്നും ഏകദേശം പത്ത് മീറ്ററോളം പുഴയിലേയ്ക്ക് തള്ളി നിൽക്കുന്ന രീതിയിലാണ് പാർക്ക് നിർമ്മാണം. സൈഡ് വാൾ നിർമ്മിച്ച് മണ്ണിട്ട് ഉയർത്തിയെടുത്തതാണെന്ന് നേരിൽ പരിശോധനയിൽ വ്യക്തമാകുന്നു. കൈവരി സ്ഥാപിക്കുന്നതിനായി കോൺക്രീറ്റ് നിർമ്മിതികളും, സ്ഥലത്തിന്റെ ഒരത്തായി ഒരു അടിത്തറയും(സ്റ്റേജിനായിരിക്കാം) ഉണ്ട്.

ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ പരിശോധിച്ചതിൽ 2021-22വർഷത്തിൽ ടോയ് ലെറ്റ് നിർമ്മാണത്തിനും ഇന്റർലോക്ക് വിരിക്കുന്നതിനുമായി 10,00,000/-രൂപ അടങ്കലിൽ ഒരു പ്രോജക്റ്റ് തയ്യാറാക്കിയതായി കാണുന്നു. ഈ നിർമ്മിതികൾ പ്രസ്തുത സ്ഥലത്ത് പാടില്ലെന്ന കളക്ടറുടെ നിർദ്ദേശം നിലനിൽക്കേ വീണ്ടും ഇതേ നിർമ്മാണങ്ങൾക്കായി പദ്ധതി വയ്ക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

2. കടലുണ്ടി നേച്ചർ വാക്ക് വേ

2017-18വർഷത്തിൽ രൂപീകരിച്ചതാണ് ഈ പദ്ധതി(പ്രോ.നം.72/18). കടലുണ്ടി പക്ഷി സങ്കേതം ഓഫീസിനു സമീപം നടപ്പാത നിർമ്മാണമാണ് ഇതിൽ വിഭാവനം ചെയ്തത്. ഈ പദ്ധതിയ്ക്കായി 2018-19വർഷത്തിൽ 398880/- രൂപ ചെലവഴിച്ചു. തുടർന്ന പൂർത്തീകരണത്തിനായി തയ്യാറാക്കിയ മറ്റൊരു പദ്ധതി സ്പിൽഓവർ ആയി 2019-20വാർഷിക പദ്ധതിയുൾപ്പെട്ടു. കോക്കനട്ട് പൈലിംഗ് നൽകി കരിങ്കല്ല് കെട്ടും മണ്ണ് നിറയ്ക്കലും നടത്തി ഏകദേശം 55 മീറ്റർ നീളത്തിൽ നടപ്പാത നിർമ്മാണമാണ് രണ്ടാമത്തെ പദ്ധതിയുടെ എസ്റ്റിമേറ്റിലുൾപ്പെട്ടത്. പ്രവൃത്തി നടത്തി കരാറുകാരന് 89818/-രൂപ നൽകിയിട്ടുണ്ട്.

ഈ പ്രവൃത്തി 18.1.22ന് ഓഡിറ്റ് ടീം നേരിൽ പരിശോധിക്കുകയുണ്ടായി. കടലുണ്ടി പക്ഷി സങ്കേതം ഓഫീസിനു സമീപം കടലുണ്ടി പുഴയിലാണ് ഈ നിർമ്മാണം. പുഴയും സ്വകാര്യ വ്യക്തികളുടെ സ്ഥലവും തമ്മിലുള്ള അതിരിൽ നിലവിൽ കരിങ്കല്ല് കെട്ടുണ്ട്. ഇതിൽ നിന്നും ഏതാണ്ട് ഒന്നര മീറ്റർ നീങ്ങി പുഴയിലേയ്ക്ക് തെങ്ങ് പൈലിങ്ങുകൾ നൽകി കരിങ്കല്ല് കെട്ടിയുയർത്തി മണ്ണിട്ട് നടപ്പാത നിർമ്മിച്ചിരിക്കുന്നു.

പഞ്ചായത്തിലെ എ4 സെക്ഷനിൽ ലഭ്യമായ ഇതുമായി ബന്ധപ്പെട്ട മറ്റൊരു ഫയൽ പ്രകാരം(ഫയൽ നമ്പർ വ്യക്തമല്ല) 1.1.2020ന് ജില്ലാ ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ നാച്ചറൽ വാക്ക് വേ നിർമ്മാണത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിന് പഞ്ചായത്തിൽ ലഭ്യമായ സ്ഥലത്തിന്റെ വിശദാംശങ്ങളും, നിർമ്മാണം നടത്തുന്നതിനുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ അനുമതി തീരുമാനത്തിന്റെ പകർപ്പും ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി 16.1.2020ന് കടലുണ്ടി വില്ലേജ് ഓഫീസറോട് സർവ്വേ സ്കെച്ച് ലഭ്യമാക്കാൻ നിർദ്ദേശിച്ചു. ഇതിനെ തുടർന്ന് കമ്മ്യൂണിറ്റി റിസർവ് മുതൽ കടലുണ്ടി കടവ് വരെ പുഴ പുറമ്പോക്ക് എത്രയുണ്ടെന്ന് അളന്ന തിട്ടപ്പെടുത്തി നൽകാൻ ആവശ്യപ്പെട്ടു കൊണ്ടും, ഇതിനുള്ള ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കുന്നതാണന്ന് അറിയിച്ചു കൊണ്ടും 30.6.2020ലെ എ4/2436/2020നമ്പർ കത്തു മുഖേന സെക്രട്ടറി താലൂക്ക് സർവ്വേയർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതിനു ശേഷം 7.10.20ലെ 12/1നമ്പർ തീരുമാന പ്രകാരം നാച്ചറൽ വാക്ക് വേ പുഴ പുറമ്പോക്ക് സർവ്വെ ചെയ്യുന്നതിന് ആധുനിക ഉപകരണമായ ടോട്ടൽ സ്റ്റേഷൻ മെഷീനും, കാടു വെട്ടുന്നതിനും കല്ല് കഴിച്ചിടുന്നതിനും കൂലിക്കാരെ ലഭ്യമാക്കി അതിനുള്ള ചെലവു പഞ്ചായത്ത് വഹിക്കുന്നതിനും അംഗീകാരം നൽകിയിട്ടുണ്ട്. ഭൂമി വിട്ടു നൽകാത്തവരുമായി പഞ്ചായത്ത് തലത്തിൽ ചർച്ച നടത്തുന്നതിനും ഇതിൽ തീരുമാനമെടുത്തിട്ടുണ്ട്. മേൽ വിവരങ്ങളിൽ നിന്നും പദ്ധതിയ്ക്കാവശ്യമായ പ്രാരംഭ നടപടികളൊന്നും പൂർത്തീകരിക്കാതെയാണ് പഞ്ചായത്ത് തങ്ങളുടെ

ഫണ്ടുപയോഗിച്ച് പദ്ധതി നിർവ്വഹണം നടത്തിയതെന്ന് വ്യക്തമാണ്. ഈ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

മേൽ രണ്ടു പദ്ധതികളിലും ഗ്രാമപഞ്ചായത്ത് തങ്ങളുടെ ചുമതലയിൽ നിന്നു വ്യതിചലിച്ച് കയ്യേറ്റങ്ങൾ നടത്തുകയാണ് ചെയ്തിരിക്കുന്നത്. പൊതുജനങ്ങളിൽ തെറ്റായ സന്ദേശം നൽകും വിധത്തിലുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കാതെ പഞ്ചായത്തു തന്നെ കയ്യേറ്റങ്ങൾ നടത്തുന്നതും, മണ്ണിട്ടു നികത്തുന്നതും തെറ്റായ സന്ദേശം സമൂഹത്തിനു നൽകുന്നു. ഇത്തരം പ്രവത്തനങ്ങൾ അവസാനിപ്പിക്കേണ്ടതും, ചുമതലകൾ നിർവ്വഹിക്കുന്നതിൽ ജാഗ്രത പാലിക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-11 തൻവർഷ പദ്ധതി ചെലവ് തുച്ഛം

2019-20 വർഷത്തിൽ അസി.എഞ്ചിനീയർക്ക് നിർവ്വഹണം നടത്താനായി തയ്യാറാക്കിയത് 5,53,13,599/-രൂപ അടങ്കലിലുള്ള പദ്ധതികളാണ്. ഈ തുകയിൽ ചെലവഴിച്ചത് 1,71,67,649/- രൂപയാണ്. ആകെ ചെലവിന്റെ വിശദാംശം പരിശോധിച്ചാൽ 18.36% മാത്രമാണ് തൻവർഷ പദ്ധതികളുടെ നിർവ്വഹണത്തിനായി വിനിയോഗിച്ചതെന്ന് വ്യക്തമാകുന്നു. ബാക്കി 82% ഓളം ചെലവ് സ്പിൽഓവർ പദ്ധതികളുടേതാണ്. ഫണ്ടിനം തിരിച്ച വിവരം ചുവടെ കൊടുക്കുന്നു,

| ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക | സ്പിൽഓവർ പദ്ധതി | | |
|---|---|---|---|---|---|
| | | | അടങ്കൽ | ചെലവ് | ചെലവ് % |
| വികസനഫണ്ട് ജനറൽ | 2037013 | 402581 | 813566 | 227581 | 56.5% |
| വികസനഫണ്ട് എസ്.സി.പി. | 1950000 | 601334 | 650000 | 601334 | 100% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 13682078 | 2783285 | 2805323 | 1891765 | 67.97% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 912742 | -- | 552742 | -- | 40.9% |
| തനതുഫണ്ട് | 8152361 | 3276565 | 1588968 | 1340689 | 40.9% |
| മറ്റു ഗ്രാമപഞ്ചായത്ത് | 10,00,000 | -- | -- | -- | -- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1130218 | -- | 430218 | -- | -- |
| ജില്ലാപഞ്ചായത്ത് വിഹിതം | 3000000 | 2455169 | 3000000 | 2455169 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 21020522 | 7009399 | 8414522 | 6859399 | 97.86% |
| സംരക്ഷണഗ്രാന്റ് റോഡിതരം | 2428665 | 639316 | 1389041 | 639316 | 100% |
| ആകെ | 55313599 | 17167649 | 19644380 | 14015253 | 81.64% |

2019-20 വർഷം അസി.എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കിയത് സ്പിൽഓവർ പദ്ധതികളടക്കം ആകെ 156 പ്രോജക്ടുകളാണ്. ഇതിൽ 48എണ്ണം മുൻവർഷത്തിൽ നിന്നുള്ള സ്പിൽഓവർ പദ്ധതികളാണ്. ബാക്കി 108 പദ്ധതികളാണ് തൻവർഷം പുതുതായി രൂപീകരിച്ചത്. 48 സ്പിൽഓവർ

പദ്ധതികളിൽ 7 എണ്ണത്തിന് ഈ വർഷവും ചെലവുണ്ടായിട്ടില്ല. പുതുതായി രൂപീകരിച്ച 108 പദ്ധതികളിൽ 94 എണ്ണത്തിനും തൻവർഷം ചെലവില്ല. ഈ പദ്ധതികളെല്ലാം തുടർവർഷത്തേയ്ക്ക് സ്പിൽഓവർ പദ്ധതികളായിട്ടുണ്ട്.

2019-20 വർഷത്തിൽ ലഭിച്ച വിവിധ ഫണ്ടിനങ്ങളിൽ ചെലവഴിക്കാതെ സർക്കാരിലേയ്ക്ക് 28161346/-രൂപ തിരിച്ചെടുക്കപ്പെട്ടിട്ടുണ്ട്.

| ഫണ്ടിനം | തിരിച്ചെടുക്കപ്പെട്ട തുക |
|---|---|
| വികസനഫണ്ട് ജനറൽ | 3214651 |
| വികസനഫണ്ട് എസ്.സി.പി. | 3929607 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 10193568 |
| സംരക്ഷണഗ്രാന്റ് റോഡ് | 10516601 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 306919 |
| ആകെ | 28161346/- |

തൻവർഷത്തെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ലഭിച്ച തുകയിൽ വലിയൊരു ഭാഗം ചെലവഴിക്കാതെ പാഴാക്കാനുണ്ടായ സാഹചര്യവും, ചെലവഴിച്ചതിന്റെ 82% മുൻവർഷത്തെ പദ്ധതികൾക്ക വേണ്ടിയാണെന്നതും വാർഷിക പദ്ധതികളുടെ ആസൂത്രണത്തിലെ പാളിച്ചയാണ് കാണിക്കുന്നത്. ഒരോ വർഷത്തേയും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാതെ സ്പിൽഓവർ പദ്ധതികളായി തുടരേണ്ടി വരുന്നതിനാൽ അതതു വർഷത്തെ പ്രവൃത്തികൾക്കായി/ വികസനപ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന തുക സ്പിൽഓവർ പ്രവൃത്തികൾക്ക് വിനിയോഗിക്കുകയും, തൻവർഷ പദ്ധതികൾക്ക് തുക തികയാത്ത അവസ്ഥയുണ്ടാക്കാനും കാരണമാകും. തൻവർഷ പദ്ധതികളുടെ ചെലവ് തുച്ഛമാകാനുണ്ടായ സാഹചര്യം വിശദീകരിക്കാനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാനാവാത്തതും, ഇതുമൂലം സർക്കാർ ഫണ്ടുകൾ പാഴാക്കാനുണ്ടായ സാഹചര്യവും വിശദീകരിക്കേണ്ടതാണ്.

## 1-12 ജലായനം പരിസ്ഥിതി സംരക്ഷണം പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല -പാഴ്ച്ചെലവ്

നിർവ്വഹണം: അസി.എഞ്ചിനീയർ

പ്രോജക്ട് : ജലായനം പരിസ്ഥിതി സംരക്ഷണം പദ്ധതി കാവുംകുളം പാർശ്വഭിത്തി,

പ്രോ.നം. 227/20

അടങ്കൽ: 15,00,000/- (വികസനഫണ്ട് ജനറൽ - 5,00,000/-

ജില്ലാപഞ്ചായത്ത് വിഹിതം - 10,00,000/-)

ചെലവ്: 6,38,769/- ചെക്ക്. നം. 9682133/26.7.19

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 3726sqmവിസ്തൃതിയിലുള്ള കാവുംകുളത്തിന്റെ ഒരു ഭാഗത്തെ പാർശ്വഭിത്തി ഭാഗികമായി 2016-17വർഷത്തിൽ 5,00,000/-ലക്ഷം രൂപ അടങ്കലിൽ നിർമ്മിച്ചിരുന്നു. ആയതിന്റെ ബാക്കി നിർമ്മാണത്തിനായിട്ടാണ് ഈ പദ്ധതി രൂപീകരിച്ചത്. 2018-19ൽ രൂപീകരിച്ച പദ്ധതി സ്പിൽഓവറായി 2019-20വർഷത്തിൽ ഉൾപ്പെട്ടു. ടെണ്ടർ ചെയ്ത് ഹസ്സൻകോയ.പി. എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച(കരാർ നം.69/17-18/9.2.18). അളവു പുസ്തകം 195/18-19പ്രകാരം 26.3.19 മുതൽ 24.4.19 വരെ കാലയളവിൽ പ്രവൃത്തി നടന്നു. ഇതിന്റെ മൂല്യം കണക്കാക്കി കരാറുകാരന്

തുക നൽകി.

എസ്റ്റിമേറ്റ് പ്രകാരം 61 മീറ്റർ നീളത്തിൽ പാർശ്വഭിത്തി കെട്ടുന്നതിന് (410m3 അളവിൽ)വിഭാവനം ചെയ്തിരുന്നു. എന്നാൽ അളവു പുസ്തക പ്രകാരം 31 മീറ്ററിൽ 181.304$m^3$ അളവിൽ മാത്രമേ പ്രവൃത്തി നടത്തിയിട്ടുള്ളൂ. പാർശ്വഭിത്തി നിർമ്മാണത്തിനായി ഏകദേശം 100$m^3$ മണ്ണ് കുഴിച്ചെടുക്കുന്ന പ്രവൃത്തിയും നടന്നിട്ടുണ്ട്. വിഭാവനം ചെയ്തതിനേക്കാൾ വളരെ കുറഞ്ഞ അളവിൽ പ്രവൃത്തി അവസാനിപ്പിച്ചത് പരിശോധിക്കാനായി അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി സ്ഥലം ഓഡിറ്റ് ടീം 18.1.22ന് നേരിൽ പരിശോധിക്കുകയുണ്ടായി. വളരെ വലിയ വിസ്തൃതിയിൽ കിടക്കുന്ന കുളത്തിൽ വെള്ളമില്ല. നിലവിൽ വയലാണെന്ന് തോന്നിപ്പിക്കും വിധം ആഴമില്ലാതെ കള നിറഞ്ഞ് കിടക്കുന്നു. അതിർത്തിയും വ്യക്തമല്ല. മേൽ പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണ് കുളത്തിൽ തന്നെ നിക്ഷേപിച്ചതാകാം കുളം തൂർന്നതിന് കാരണമായതെന്ന് ഓഡിറ്റ് അനുമാനിക്കുന്നു.

2019 മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് കുളത്തിന്റെ പാർശ്വഭിത്തി കെട്ടുന്ന പ്രവൃത്തി നടന്നിട്ടുള്ളത്. ആയതിന്റെ മൂല്യം കണക്കാക്കി കരാറുകാരന് തുക നൽകി. തുടർന്ന് പ്രവൃത്തി നടന്നിട്ടില്ല. എന്നിട്ടും തുടർവർഷത്തെ(2020-21)വാർഷിക പദ്ധതിയിൽ ഈ പദ്ധതി വീണ്ടും സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ യാതൊരു ചെലവും നടന്നില്ല. തുടർവർഷത്തിൽ പദ്ധതി ഉപേക്ഷിക്കുകയും ചെയ്തു. വിഭാവനം ചെയ്തതിനേക്കാൾ വളരെ കുറഞ്ഞ അളവിൽ പ്രവൃത്തി അവസാനിപ്പിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതത്തിൽ ബാക്കി തുക 3,61,231/-രൂപ തിരികെ നൽകിയിട്ടില്ല. പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ ബാക്കി തുക തിരികെ നൽകേണ്ടതാണ്.

കുളങ്ങളുടേയും, ജലസംഭരണികളുടേയും സംരക്ഷണം ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായിരുന്നിട്ടും ആയത് സംരക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കുളം നവീകരണ പ്രവൃത്തികൾ സാധ്യമായിരിക്കേ ആയതിന്റെ സാധ്യതകളും പരിശോധിച്ചതായി കാണുന്നില്ല. മേൽ വിവരിച്ച കാര്യങ്ങളിൽ വിശദീകരണവും, അതിർത്തി കൃത്യമായി നിർണ്ണയിച്ച് കുളം നവീകരിച്ച് സംരക്ഷിക്കുന്നതിന് പഞ്ചായത്ത് ഏതു വിധത്തിലുള്ള ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന വിവരവും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആളുകൾ കൈയ്യേറി കൈവശപ്പെടുത്തുന്നത് തടയാനായിട്ടാണ് പാർശ്വഭിത്തി നിർമ്മിക്കുന്ന പദ്ധതി തയ്യാറാക്കിയതെന്നും, 2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കം മൂലം പാർശ്വം ഇടിയുന്ന അവസ്ഥയിലായിരുന്നതു കൊണ്ടാണ് തുടർന്ന് പ്രവൃത്തി നടത്താതിരുന്നതെന്നും മറുപടിയിൽ വിവരിക്കുന്നു. കരിങ്കൽ പ്രവൃത്തിയ്ക്കായി എടുത്ത മണ്ണ് പാർശ്വഭിത്തിയ്ക്ക് പിന്നിലാണ് നിക്ഷേപിച്ചതെന്നും മറുപടിയിലുണ്ട്. ജില്ലാ പഞ്ചായത്ത് ഫണ്ട് ബാക്കിയുള്ളത് തിരികെ നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണന്നും, സംസ്ഥാന ബജറ്റിൽ ഈ കുളത്തിനായി ഫണ്ട് വകയിരുത്തിയിരുന്നെങ്കിലും, റിവൈസ്ഡ് ബജറ്റിൽ ആയത് ഒഴിവായിപ്പോയെന്നും അസി.എഞ്ചിനീയർ വിശദീകരിച്ചു.

നിലവിൽ ഈ കുളത്തിന്റെ നവീകരണത്തിനായി രണ്ട് പദ്ധതികൾ മുഖേന ചെലവഴിച്ച തുകകൾ പാഴ്ചെലവായ അവസ്ഥയാണ്. പഞ്ചായത്തിന്റെ ഏറ്റവും വലിയ ജലസ്രോതസ്സായി മാറാവുന്ന പ്രസ്തുത കുളം നവീകരിച്ച് പുനരുജ്ജീവിപ്പിക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. ഇതിനായി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുൾപ്പെടുത്തിയുള്ള പ്രവൃത്തികൾ പഞ്ചായത്തിനേറ്റെടുക്കാവുന്നതാണ്. മറ്റു ധന സ്രോതസ്സുകളുടെ (എം.പി.ഫണ്ട്, എം.എൽ.എ.ഫണ്ട്, സംസ്ഥാന വിഹിതം തുടങ്ങിയവ) ലഭ്യതയ്ക്കുള്ള സാധ്യതകൾ പരിശോധിക്കാവുന്നതും ഇവയെല്ലാം സമന്വയിപ്പിച്ച് സമഗ്രമായ പദ്ധതി തയ്യാറാക്കി നടപ്പാക്കാവുന്നതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കുളം പുനരുജ്ജീവന പ്രവർത്തനങ്ങളുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 വീട് വാസയോഗ്യമാക്കൽ (ജനറൽ) എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കൾ - നാളിതുവരെ പണി പൂർത്തിയാക്കിയില്ല

നിർവ്വഹണം : വി.ഇ.ഒ

2019-20

പ്രോജക്ട് നമ്പർ : 18/20

| വകയിരുത്തിയ തുക | ചെലവു തുക |
|---|---|
| 1758800(വികസന ഫണ്ട്) | 1200000(വികസന ഫണ്ട്) |
| 500000(തനത് ഫണ്ട്) | 250000(തനത് ഫണ്ട്) |
| ആകെ 2258800 | ആകെ 1450000 |

2020-21

പ്രോജക്ട് നമ്പർ -175/21(സ്പിൽ ഓവർ)

| വകയിരുത്തിയ തുക | ചെലവു തുക |
|---|---|
| 558800(വികസന ഫണ്ട്) | 550000(വികസന ഫണ്ട്) |
| 500000(തനത് ഫണ്ട്) | 175000(തനത് ഫണ്ട്) |
| ആകെ 1058800 | ആകെ 725000 |

ഒരു ഗുണഭോക്താവിന് 50000 രൂപ നിരക്കിൽ 45 ഗുണഭോക്താക്കൾക്ക് വീട് റിപ്പയർ ചെയ്ത് വാസയോഗ്യമാക്കുന്നതിനാണ് പ്രോജക്ട് മുഖേന ലക്ഷ്യമിട്ടത്. പ്രോജക്ട് പ്രകാരം രണ്ടു വർഷങ്ങളിലായി 2175000രൂപ (1450000+725000) ചെലവഴിച്ചിട്ടുണ്ട്. 2019-20 ൽ എഗ്രിമെന്റ് വെച്ച് ഒരു ഗഡു തുക കൈപ്പറ്റിയ 45 ഗുണഭോക്താക്കളിൽ താഴെ കൊടുത്ത രണ്ട് ഗുണഭോക്താക്കൾ നാളിതുവരെയും പണി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് വെച്ച തീയതി | ആദ്യഗഡു /കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | മാളു എം.പി<br>മേലേപുറത്ത് ഹൗസ്<br>ചാലിയം<br>വാർഡ് - 1 | 08.11.2019 | 25000<br>26.11.2019 |
| 2 | മണി.ടി.പി<br>തണ്ടാംപറമ്പിൽ<br>കടലുണ്ടി<br>വാർഡ് - 14 | 06.01.2020 | 25000<br>17.04.2020 |

മേൽ ഗുണഭോക്താക്കളുടെ വീട് റിപ്പയർ പൂർത്തിയാക്കി അവസാനഗഡു കൈപ്പറ്റുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (6/29-1-22) 31-1-21 ന് വി.ഇ.ഒ നൽകിയ മറുപടിയിൽ പ്രസ്തുത ഗുണഭോക്താക്കളോട് പണി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്. മേൽ ഗുണഭോക്താക്കളുടെ വീട് റിപ്പയർ പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം./ തിയ്യതി |
|---|---|---|
| 2019-20 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 85000 | പുനർജനി നെൽകൃഷി കൂലിച്ചെലവ് | 85000 | 0 |
| | | 769774 | ലൈഫ് മിഷൻ ഭവന നിർമ്മാണം-രണ്ടാം ഘട്ടം പട്ടികജാതി വിഭാഗം | 0 | 769774 |
| | | 4176985 | ലൈഫ് മിഷൻ ഭവന നിർമ്മാണം-രണ്ടാം ഘട്ടം ജനറൽ | 1615000 | 2561985 |
| | | 1077133 | എസ്.സി ഭവന നിർമ്മാണം | 700000 | 377133 |
| | | 650000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 547650 | 102350 |

| | | | | | |
|---|---|---|---|---|---|
| | | 250000 | പാലിന് സബ്സിഡി | 250000 | 0 |
| ജില്ല പഞ്ചായത്ത് | 2019-20 | 137500 | മുട്ട ഗ്രാമം | 51563 | 85937 |
| | | 225000 | ക്ഷീരഗ്രാമം കറവപശു വിതരണം ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 195000 | 30000 |
| | | 650000 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 547650 | 102350 |
| | | 50000 | പാലിന് സബ്സിഡി | 50000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺതിരിച്ചടവ് | | 2019-20 | - | 687342 | 606000 | | 81342 |
| ലൈഫ് ഭവന പദ്ധതി (കെ.യു. ആർ.ഡി.എഫ്.സി ലോൺ) | | 2019-20 | | 10720033 | - | | 10720033 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,500 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 3,500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽ ലിമിറ്റഡ്, ഓഹരി | | | 1000 | |
| 2 | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി, ഓഹരി | 18.3.1989 | | 2500 | |
| ആകെ | | | | 3,500 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം |
|---|---|---|
| 1999-00, 61(6) | 2003-04, 11.13.2.3 | പൊതു പരാമർശം - വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല |
| 1999-00, 42 | 2003-04, 11.13.5.16 | മൈത്രീ ഭവന പദ്ധതി ഉത്തരവാദിത്വം നിറവേറ്റിയില്ല |
| 1999-00, 30,31 | 2003-04,11.13.7(23).116 | നികുതി പിരിവിൽ അലംഭാവം |
| 2000-01, 7 | 2003-04, 11.14.117 | പൊതു പരാമർശം - കേച്ചേരി മിനി കുടിവെള്ള പദ്ധതി |
| 1999-00, 35<br>47<br>53 | 2003-04,11.14.119 | 1. ചാലിയം കടവ് ലേലം.<br>2. എ.പി.റോഡ് കരുവൻതുരുത്തി കടവ് റോഡ്. |

| | | |
|---|---|---|
| | | 3. ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല. |
| 2009-10, 3-8 | 2011-12, 2.7(3),26. | വനിത വ്യവസായ കേന്ദ്രം വൻതുക ചെലവഴിച്ച് നിർമ്മിച്ചത് ഉപയോഗപ്പെടുത്തുന്നില്ല. |
| 2002-03, 2-4 | 2004-05, 3.11.1.4.1.7 | കേസ് വ്യക്തിപരം – ഫീസ് പഞ്ചായത്തിൽ നിന്നും നൽകി |
| | 2014-15, 4.2.9.51 | ആർ. എം. എഫ്. അധികം ഒടുക്കി |
| | 2014-15, 5.7.7.89 | മൃഗാശുപത്രി – വാടക നൽകിയില്ല |
| | 2014-15, 5.7.12.100 | കർഷകർക്ക് പരിശോധനാ കിറ്റ് നൽകിയില്ല |
| | 2014-15, 5.7.12.100 | ഗോരക്ഷാ ക്യാംപ് നടത്തിയില്ല |
| | 2014-15, 5.7.12.101 | സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിൽ കാലതാമസം |
| | 2014-15, 5.7.12.106 | തെരുവു വിളക്കുകളുടെ കണക്കെടുപ്പ് നടത്തിയില്ല |
| 2014-15, 3-31 | 2016-17, 4.2.1.49 | പുറമ്പോക്ക് സംരക്ഷണം – അപാകതകൾ |
| 2014-15, 2-5 | 2016-17, അനുബന്ധം - 4 | തൊഴിൽ നികുതി – അപാകതകൾ |
| 2015-16, 2-6 | 2016-17, അനുബന്ധം -5 | തൊഴിൽ നികുതി – അപാകതകൾ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടികളുടെ വിവരം

ഇല്ല

(ബി) സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർ ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 14 | T.T.K Balan, Secretary | LF.9086/ Spl Cell. SC4/2001 Dt. 3.10.02, 22.10.02 | 3091 | - | - | - | - | - | - | - |

4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | രൂ.76816390/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | രൂ.73295625/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | -- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1992-93 & 1993-94 | എൽ.എഫ്.എസ്.2/1535/1995, 09.04.1999 | 1 | 7 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.പി.2/188 /2011(7), 26.04.2011 | 2 | 28,29 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി.2/105 /2012(1), 10.05.2012 | 1 | 21 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി.2/105 /2012(2), 10.05.2012 | 5 | 10,14,23,24,28 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി.2/105 /2012(3), 10.05.2012 | 7 | 30,38,39,40,41,44,45 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി.2/514 /2012, 14.11.2012 | 7 | 6,7,10,11(2),(3),12,19 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.2/514 /2012(1), 14.11.2012 | 8 | 2-4,2-5,2-6,3-3,3-5, 3-9,3-10,3-11,3-12 |

| | | | |
|---|---|---|---|
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.2/514 /2012(2), 14.11.2012 | 4 | 2-1,3-1,3-4,3-6 |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്.1/1079 /2003, 01.01.2004 | 1 | |
| 2002-03 (വരവ്) | എൽ.എഫ്.കെ.കെ.ഡി.പി.2/514 /2012(6), 15.03.2013 | 1 | 2-2 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി.2/514 /2012(5), 15.03.2013 | 11 | 2-1,2-4,2-4A,2-4C,9, 10,11,13(1),14,18,19 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.2/1709 /2012, 06.04.2013 | 7 | 2-1,2-3,3-1,3-2,3-3, 3-4, 3-8B |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.2/1710 /2012, 22.04.2013 | 13 | 2-1,3-4,3-7,3-11,3-13, 3-15,3-16,3-17 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.2/1711 /2012, 11.06.2013 | 2 | 3-3,4-5 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.2/1130 /2015, 29.10.2015 | 19 | 2-6, 2-8, 2-12, 3-1,3-2,3-3, 3-9, 3-10, 3-11, 3-13, 3-15, 3-16, 3-19,3-20,3-23,3-24, 3-25,4-3,4-4 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.2/184(2) /2015, 19.06.2015 | 23 | 2-8,2-9,2-10,2-11,3-2, 3-6,3-7,3-8,3-9,3-11, 3-12,3-16,3-18,3-19,3-20, 3-21,3-22,3-26,3-27,4-2,4-3 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.2/62 /2015, 01.07.2013 | 11 | 28,29 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.2/184(3) /2015, 19.06.2015 | 09 | 3-2,3-5,3-6,3-7,3-8,4-3, 4-4,4-7,7 |
| 2010-11 & 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.2/599 /2015, 15.05.2015 | 13 | 1-5,2-3,3-3,3-5,3-8,3-11, 3-13,3-16,3-18,3-19,3-20,3-22 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി.2/62 /2015, 10.04.2015 | 1 | 14 |
| 2013-14,2014-15 | കെ.എസ്.എ.കെ.കെ.ഡി. പി.2/314/16 /13.5.2016 | 32 | 2-1,2-2,2-3,2-4,2-5,2-6,2-7, 3-1,3-2,3-3,3-4,3-5,3-6,3-7, 3-8,3-9,3-11,3-12,3-14,3-16, 3-17,3-18,3-19,3-20,3-21,3-22, 3-23,3-26,3-27,3-31,3-34,4-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി.11/2076/16 | 25 | 2-1,2-2,2-3,2-4,2-5,2-6,2-7, 2-8,2-9,3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10,3-11, 3-12,3-13, 3-14,3-15,3-16 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി.11/1635/17 തീയതി 11.8.2017 | 24 | 1-10,2-1,2-2,2-3,(1),2-3(2), 2-4,2-5,2-6,2-7,3-2,3-4, |

| | | | |
|---|---|---|---|
| | | | 3-5,3-6,3-7,3-8,3-10,3-11,<br>3-12,3-13,3-14,3-16,4-9 |
| 2017-18 | | | |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.<br>പി.8/536/20 തീയതി 14.9.20 | 24 | 1-12(1)(4)(6)(10)(15)<br>(16)(17),1-13(1)<br>(2),1-13(3),1-13-5,1-13-6,1-13-7,<br>1-14-1,1-14-2,1-14-3,<br>1-14-4,1-14-5,1-14-6,1-14-7,<br>1-14-8,1-14-10,1-14-14,<br>1-14-15(1),(2),1-14-16,1-14-17,<br>3-1,3-2,3-3,3-4,4-10 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്